എ.വൈ.ആർ

മൂസാ (അ) കടൽ പിളർന്നു രക്ഷപ്പെടുന്നത് കണ്ടപ്പോൾ പോലും അദ്ദേഹത്തെ നയിക്കുന്നത് അല്ലാഹുവാണെന്ന് ചിന്തിക്കാൻ ഫറവോനികൾ കൂട്ടാക്കിയില്ല. അദ്ദേഹത്തെയും സംഘത്തെയും നശിപ്പിക്കാൻ കടൽപിളർപ്പിലേക്കെടുത്തുചാടി നശിക്കാനായിരുന്നു അവരുടെ വിധി. ഈ അന്ത്യപ്രവാചകനെയും അദ്ദേഹത്തിന്റെ സത്യപ്രബോധനത്തെയും തള്ളിപ്പറയുന്ന ഖുറൈശികളെയും കാത്തിരിക്കുന്നത് ഇതുപോലുള്ള മഹാദുരന്തമായിരിക്കുമെന്ന് അവർ ഓർത്തിരിക്കട്ടെ.



فَأَوْحَيْنَا إِلَىٰ مُوسَىٰ أَنِ اضْرِب بِّعَصَاكَ الْبَحْرَ ۖ فَانفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ ﴿٦٣﴾

63. മൂസാക്ക് നാം ദിവ്യസന്ദേശം നൽകി: 'നിന്റെ വടിയാൽ സമുദ്രത്തിൽ അടിക്കുക.' ഉടനെ സമുദ്രം പിളർന്നു. ഓരോ ഖണ്ഡവും വന്മല പോലെ നിലകൊണ്ടു.

وَأَزْلَفْنَا ثَمَّ الْآخَرِينَ ﴿٦٤﴾

64. മറ്റേ കൂട്ടരെയും നാം അങ്ങോട്ടടുപ്പിച്ചു.

وَأَنجَيْنَا مُوسَىٰ وَمَن مَّعَهُ أَجْمَعِينَ ﴿٦٥﴾

65. മൂസായെയും കൂടെയുള്ളവരെയൊക്കെയും നാം രക്ഷിച്ചു.

ثُمَّ أَغْرَقْنَا الْآخَرِينَ ﴿٦٦﴾

66. പിന്നെ മറുകക്ഷിയെ മുക്കിയൊടുക്കി.

**63-66**

فَأَوْحَيْنَا إِلَىٰ مُوسَىٰ= അപ്പോൾ മൂസാക്ക് നാം ദിവ്യസന്ദേശം നൽകി  أَنِ اضْرِب= എന്തെന്നാൽ നീ അടിക്കുക

بِعَصَاكَ= നിന്റെ വടിയാൽ  الْبَحْرَ= സമുദ്രത്തെ(ത്തിൽ)  فَانفَلَقَ= ഉടനെ (സമുദ്രം) പിളർന്നു

فَكَانَ كُلُّ فِرْقٍ= എന്നിട്ട് ഓരോ (ഖണ്ഡവും) പിരിവും ആയി നിലകൊണ്ടു  كَالطَّوْدِ الْعَظِيمِ= വന്മല പോലെ

وَأَزْلَفْنَا ثَمَّ= നാം അങ്ങോട്ടടുപ്പിച്ചു  الْآخَرِينَ= മറ്റേ കൂട്ടരെ(യും)

وَأَنجَيْنَا مُوسَىٰ= മൂസായെ നാം രക്ഷിച്ചു  وَمَن مَّعَهُ أَجْمَعِينَ= അദ്ദേഹത്തിന്റെ കൂടെയുള്ളവരെയൊക്കെയും

ثُمَّ أَغْرَقْنَا= പിന്നെ നാം മുക്കിയൊടുക്കി  الْآخَرِينَ= മറ്റേ കൂട്ടരെ

ഈ സന്ദിഗ്ധ ഘട്ടത്തിൽ മൂസാ നബിക്ക് ദിവ്യബോധനം വഴി അല്ലാഹുവിങ്കൽനിന്ന് കൽപന വന്നു: 'അല്ലയോ മൂസാ, നിന്റെ കൈവശമുള്ള വടി കൊണ്ട് സമുദ്രത്തിൽ അടിക്കൂ.' മൂസാ (അ) അപ്രകാരം ചെയ്തു. ഉടനെ സമുദ്രം രണ്ടായി പിളർന്നു. അതിന്റെ ഓരോ ഖണ്ഡവും വന്മല പോലെ വേറിട്ടു നിലകൊണ്ടു. മധ്യത്തിൽ വരണ്ടുണങ്ങിയ വിശാലമായ വഴി പ്രത്യക്ഷമായി. അതൊരു ദിവ്യാത്ഭുതം- معجزة -ആയിരുന്നു. ചിലർ ഇതിനെ പ്രകൃതിപരമായ പ്രതിഭാസമായി വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇസ്രാഈല്യർ കടൽതീരത്തു നിൽക്കെ ഒരു കൊടുങ്കാറ്റടിച്ചു. കാറ്റിന്റെ ശക്തിയാൽ സമുദ്രജലം അവിടെനിന്ന് നീങ്ങിപ്പോയി. ആ സന്ദർഭമുപയോഗിച്ച് ഇസ്രാഈല്യർ മറുകര പറ്റി. ഇസ്രാഈല്യരെ പിന്തുടർന്നു കടലിലിറങ്ങിയ ഫറവോൻ പട മധ്യഭാഗത്തെത്തിയപ്പോഴേക്കും കാറ്റ് ശമിക്കുകയും കടൽ പൂർവസ്ഥിതി പ്രാപിക്കുകയും അതിലകപ്പെട്ട ഫറവോൻ പട മുങ്ങിയൊടുങ്ങുകയും ചെയ്തു. ഇതാണൊരു വ്യാഖ്യാനം. മൂസാ (അ) തന്റെ വടി വെള്ളത്തിൽ കുത്തി ആഴം കുറഞ്ഞ ഭാഗം കണ്ടെത്തി സഞ്ചരിക്കുകയായിരുന്നു. ഫറവോനും പടയും അതൊന്നും നോക്കാതെ നേരെ വന്നു കടലിലിറങ്ങി. അവർ ആഴങ്ങളിലകപ്പെട്ട് നശിക്കുകയും ചെയ്തു. ഇതാണ് മറ്റൊരു വ്യാഖ്യാനം. പ്രവാചകന്മാരിലൂടെ പ്രകൃത്യാതീത പ്രതിഭാസങ്ങൾ സംഭവിക്കുക-معجزة -യുക്തിസഹമല്ല എന്ന ചിന്തയാണ് ഇത്തരം വ്യാഖ്യാനങ്ങളുടെ പ്രേരകം. വാസ്തവത്തിൽ ഇത്തരം വ്യാഖ്യാനങ്ങ

ളാണ് യുക്തിസഹമല്ലാത്തത്. കൊടുങ്കാറ്റടിച്ചാൽ കടൽ പ്രക്ഷുബ്ധമാവുകയല്ലാതെ വറ്റിപ്പോകുമെന്ന് കരുതുന്നതിന് എന്തു യുക്തിയാണുള്ളത്? കടൽ വറ്റിപ്പോകാൻ മാത്രം ശക്തമായ കൊടുങ്കാറ്റുണ്ടായിട്ടും ആ കടലിലിറങ്ങി നടന്ന ലക്ഷക്കണക്കിൽ ഇസ്രാഈല്യരിലാർക്കും ഒരാപത്തും സംഭവിക്കാതിരുന്നത് അതിലേറെ അയുക്തികം. രണ്ടാമത്തെ വ്യാഖ്യാനം നോക്കുക: മൂസാ നബിയും കൂട്ടരും വടികൊണ്ട് തപ്പിത്തടഞ്ഞ് ആഴമില്ലാത്ത ഭാഗം കണ്ടെത്തി സസുഖം മറുകര പ്രാപിക്കുന്നു. ആർക്കും ഒരാപത്തുമുണ്ടാകുന്നില്ല. ഫറവോന്റെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിത സൈന്യം, മൂസാ നബി കടന്നുപോയ ആഴമില്ലാത്ത ഭാഗത്തിലൂടെ സഞ്ചരിക്കാതെ, ആഴമില്ലാത്ത വഴികണ്ടെത്താൻ ഒരു വഴികാട്ടി സംഘത്തെ മുന്നിൽ നിയോഗിക്കാതെ, സമുദ്രഗർത്തങ്ങളെക്കുറിച്ച് ഒന്നുമാലോചിക്കാതെ നടുക്കടലിൽ ചാടിയിറങ്ങുന്നു. ഫറവോൻ ചക്രവർത്തിയടക്കം എല്ലാവരും മുങ്ങിമരിക്കുന്നു. ഇതു സാമാന്യബുദ്ധിക്ക് നിരക്കുന്നതാണോ? പ്രവാചകന്മാരുടെ ദിവ്യാത്ഭുത പ്രകടനത്തിൽ ( معجزة ) യുക്തിവിരുദ്ധമായി ഒന്നുമില്ല. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുന്നത് പ്രവാചകന്മാരിലൂടെയാണെങ്കിലും യഥാർഥത്തിൽ അതു പ്രത്യക്ഷപ്പെടുത്തുന്നത് കാര്യകാരണവ്യവസ്ഥയോടെ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചുപരിപാലിക്കുന്ന അല്ലാഹുവാണ്. താൻ നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് പ്രകൃതിയെ ചലിപ്പിക്കാൻ കഴിയുന്നതുപോലെ അവനിഛിക്കുമ്പോൾ ആ നിയമത്തിനതീതമായി പ്രവർത്തിപ്പിക്കാനും അവനു കഴിയുമെന്നത് സാമാന്യബുദ്ധി സമ്മതിക്കുന്നതാണ്.

ഇത്തരം വ്യാഖ്യാനങ്ങളെയെല്ലാം നിഷേധിക്കുന്നതാണ് ഈ സൂക്തത്തിലെ فَانْفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ എന്ന വാക്യം. മൂസാ നബി വടി കൊണ്ടടിച്ചപ്പോൾ സമുദ്രം രണ്ടായി പിളർന്ന് ജലം ഇരുവശത്തും മലകൾ പോലെ മാറിനിന്ന് നടുവിൽ പരന്ന വഴിയുണ്ടാവുകയായിരുന്നു. طَوْد വന്മലയാണ്. الْعَظِيم-വമ്പിച്ച-എന്ന വിശേഷണം അതിന്റെ വലിപ്പത്തെ കൂടുതൽ മുഴപ്പിച്ചുകാണിക്കുന്നു. കൊടുങ്കാറ്റു കൊണ്ടോ സുനാമി കൊണ്ടോ ഇങ്ങനെയൊരു പ്രതിഭാസമുണ്ടാവില്ല. ജലം മാറിനിന്നപ്പോൾ പ്രത്യക്ഷമായ വഴി നനഞ്ഞ ചളിനിറഞ്ഞതായിരുന്നില്ല. നല്ല സഞ്ചാരസൗകര്യമുള്ള വരണ്ട തറയായിരുന്നു. സൂറ *ത്വാഹാ*യിൽ ഇതേപ്പറ്റി പറയുന്നത് فَاضْرِبْ لَهُمْ طَرِيقًا فِي الْبَحْرِ يَبَسًا (സമുദ്രത്തിൽ അവർക്കായി ഒരു ഉണങ്ങിയ വഴിയുണ്ടാക്കിക്കൊടുക്കുക-20:77) എന്നാണ്. സൂറ *ദുഖാൻ* 24-ാം സൂക്തത്തിൽ وَاتْرُكِ الْبَحْرَ رَهْوًا ۖ إِنَّهُمْ جُندٌ مُّغْرَقُونَ എന്നു കൂടി അല്ലാഹു കൽപ്പിക്കുന്നുണ്ട്. നിങ്ങൾ മറുകര പറ്റിയ ശേഷം സമുദ്രത്തെ പിളർന്ന നിലയിൽതന്നെ വിട്ടേക്കുക. ഫറവോനും പടയും മുങ്ങിയൊടുങ്ങേണ്ടതാകുന്നു എന്നർഥം. മൂസാ (അ) വീണ്ടും കടലിൽ അടിച്ചിരുന്നുവെങ്കിൽ ഫറവോൻ കടലിലിറങ്ങുംമുമ്പേ ജലം നിരപ്പാകുമായിരുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു.

സമുദ്രം പിളർന്ന് മൂസായും സംഘവും അത് മുറിച്ചു കടക്കുമ്പോൾ തന്നെയാണ് ഫറവോൻ പട അവിടെയെത്തിയതെന്ന് وَأَزْلَفْنَا ثَمَّ الْآخَرِينَ എന്ന വാക്യം വ്യക്തമാക്കുന്നു. ഫറവോൻ പട ഇസ്രാഈല്യർ സഞ്ചരിച്ച വഴിതന്നെ പിന്തുടർന്നു. അപ്പോഴേക്കും ഇസ്രാഈല്യർ സുരക്ഷിതരായി മറുകര പറ്റിക്കഴിഞ്ഞിരുന്നു. ഫറവോൻ പട നടുക്കടലിലെത്തുന്നതുവരെ കടൽ പിളർന്ന പടി തുടർന്നു. പിന്നെ പിളർപ്പ് നികന്നു. അപ്പോൾ ഫറവോനും പടയും മുങ്ങിയൊടുങ്ങി. ബൈബിൾ ഈ സംഭവം ഉദ്ധരിക്കുന്നതിങ്ങനെയാണ്: അനന്തരം മോശെ സമുദ്രത്തിന്റെ മീതെ തന്റെ കൈനീട്ടി. കർത്താവ് രാത്രി മുഴുവൻ ശക്തമായ ഒരു കിഴക്കൻ കാറ്റയച്ച് സമുദ്രത്തെ പിന്നാക്കം പായിച്ചു. അങ്ങനെ സമുദ്രത്തിൽ വരണ്ട നിലം കാണപ്പെട്ടു. സമുദ്രം വിഭജിക്കപ്പെട്ടു. ഇസ്രായേൽ ജനം സമുദ്രത്തിലെ വരണ്ട നിലത്തുകൂടി നടന്നുപോയി. ഇടത്തും വലത്തും വെള്ളം ഒരു മതിലായി ഉയർന്നുനിന്നു. ഈജിപ്തുകാർ അവരെ പിന്തുടർന്നു; ഫറവോന്റെ എല്ലാ കുതിരകളും രഥങ്ങളും കുതിരപ്പടയാളികളും അവരുടെ പിന്നാലെ സമുദ്രത്തിലേക്കു ചെന്നു. പ്രഭാതമായപ്പോൾ കർത്താവ് അഗ്നിമേഘസ്തംഭത്തിൽനിന്ന് ഈജിപ്തുകാരുടെ സൈന്യത്തെ വീക്ഷിച്ചു. അവരുടെ രഥചക്രങ്ങൾക്ക് തടസ്സം സൃഷ്ടിച്ചു ഓട്ടം ദുഷ്കരമാക്കി. അങ്ങനെ അവരുടെ സൈന്യത്തെ നിർവീര്യമാക്കി. ഈജിപ്തുകാർ പറഞ്ഞു: 'നമുക്ക് ഇസ്രായേൽക്കാരുടെ മുമ്പിൽ നിന്ന് ഓടിപ്പോകാം. കർത്താവ് അവർക്കു വേണ്ടി ഈജിപ്തുകാർക്കെതിരെ യുദ്ധം ചെയ്യുന്നുവല്ലോ.'

അപ്പോൾ കർത്താവ് മോശെയോടു അരുൾ ചെയ്തു: 'നിന്റെ കൈ സമുദ്രത്തിനു മീതെ നീട്ടുക. വെള്ളം മടങ്ങി വരട്ടെ. ഈജിപ്തുകാരും അവരുടെ രഥങ്ങളും കുതിരപ്പടയും വെള്ളത്തിലാകട്ടെ.' അതനുസരിച്ച് മോശെ സമുദ്രത്തിനു മീതെ കൈ നീട്ടി. പുലരാറായപ്പോൾ സമുദ്രം പഴയ പടി ഒഴുകിത്തുടങ്ങി. ഈജിപ്തുകാർ അതിലേക്കു പാഞ്ഞു. സമുദ്രമധ്യത്തിൽ വച്ച് കർത്താവ് അവർക്ക് സമൂല നാശം വരുത്തി (പുറപ്പാട് 14:21-27). ■

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٦٧﴾

67. നിശ്ചയം, ഇതിൽ മഹത്തായ ദൃഷ്ടാന്തമുണ്ട്. പക്ഷേ അധികജനവും സത്യം വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿٦٨﴾

68. നിന്റെ നാഥൻ തീർച്ചയായും അജയ്യനാകുന്നു. കരുണാമയനുമാകുന്നു.

**67,68**

إِنَّ فِي ذَٰلِكَ =നിശ്ചയമായും ഇതിൽ ഉണ്ട് لَآيَةً =മഹത്തായ ദൃഷ്ടാന്തം തന്നെ

وَمَا كَانَ أَكْثَرُهُم =അവരിലധികവും ആയിട്ടില്ല (പക്ഷേ അധികജനവും അല്ല) مُّؤْمِنِينَ =(സത്യം) വിശ്വസിക്കുന്നവർ

وَإِنَّ رَبَّكَ= തീർച്ചയായും നിന്റെ നാഥൻ لَهُوَ الْعَزِيزُ= അവൻ അജയ്യൻ തന്നെയാകുന്നു
الرَّحِيمُ= കരുണാമയനായ(മയനുമാകുന്നു)

ഈ സംഭവത്തിൽ പ്രവാചകന്നും വിശ്വാസികൾക്കും അവിശ്വാസികൾക്കും മഹത്തായ ദൃഷ്ടാന്തമുണ്ട്. പ്രവാചകനെ സംബന്ധിച്ചേടത്തോളം, ആദ്യദശയിൽ നേരിടേണ്ടിവന്ന എതിർപ്പുകളിലും തിരസ്കാരത്തിലും അക്ഷമനായി തന്റെ ദൗത്യം പരാജയപ്പെടുകയാണെന്ന് നിരാശപ്പെട്ടുകൂടെന്നും എല്ലാ പരീക്ഷണങ്ങൾക്കും ശേഷം അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ പ്രവാചകനെ സഹായിക്കുകയും അവന്റെ ദൗത്യം വിജയിപ്പിക്കുകയും ചെയ്യുമെന്നും വിളിച്ചോതുന്ന സ്പഷ്ടമായ ദൃഷ്ടാന്തമാണിത്. കൊടിയ പീഡന പരീക്ഷണങ്ങൾക്കു ശേഷം സ്വാതന്ത്ര്യവും സ്വരാജ്യവും ലഭിച്ചതുപോലെ ഇന്നത്തെ പ്രയാസങ്ങളും പ്രതിബന്ധങ്ങളും വിജയകരമായി തരണം ചെയ്ത ശേഷം മുഹമ്മദ് നബിയുടെ അനുയായികളും ഈ ലോകത്തു തന്നെ നിർഭയവും സമാധാനപൂർണവുമായ ജീവിതാവസ്ഥയിലെത്തിച്ചേരുന്നതാണ്. ഏറ്റവും വലിയ ദൃഷ്ടാന്തമുള്ളത് അവിശ്വാസികൾക്കാണ്. അനിഷേധ്യമായ ദിവ്യാത്ഭുതങ്ങൾ നേരിൽ കണ്ടിട്ടും സത്യനിഷേധികളായ ഫറവോനികളിലധികപേരും അസത്യത്തിലും അധർമത്തിലും ഉറച്ചുനിന്നതെങ്ങനെയെന്നും തൽഫലമായി അവർ നേരിട്ട ദുരന്തമെന്തെന്നും ഈ സംഭവം പഠിപ്പിക്കുന്നു. ഒടുവിൽ മൂസാ (അ) കടൽ പിളർന്നു രക്ഷപ്പെടുന്നത് കണ്ടപ്പോൾ പോലും അദ്ദേഹത്തെ നയിക്കുന്നത് അല്ലാഹുവാണെന്ന് ചിന്തിക്കാൻ ഫറവോനികൾ കൂട്ടാക്കിയില്ല. അദ്ദേഹത്തെയും സംഘത്തെയും നശിപ്പിക്കാൻ കടൽപിളർപ്പിലേക്കെടുത്തുചാടി നശിക്കാനായിരുന്നു അവരുടെ വിധി. ഈ അന്ത്യപ്രവാചകനെയും അദ്ദേഹത്തിന്റെ സത്യപ്രബോധനത്തെയും തള്ളിപ്പറയുന്ന ഖുറൈശികളെയും കാത്തിരിക്കുന്നത് ഇതുപോലുള്ള മഹാദുരന്തമായിരിക്കുമെന്ന് അവർ ഓർത്തിരിക്കട്ടെ. ഇത്തരം ധിക്കാരികളെ എപ്പോൾ വേണമെങ്കിലും പിടികൂടാൻ അല്ലാഹുവിനു കഴിയും. അവൻ അജയ്യനാണ്. എങ്കിലും ജനങ്ങൾക്ക് പാപങ്ങളിൽ പശ്ചാത്തപിക്കാനും സ്വയം സംസ്കരിച്ച് ജീവിതം സഫലമാക്കാനും അവൻ വേണ്ടത്ര സാവകാശം നൽകുന്നു. ആ നിലക്ക് അവൻ ദയാമയനുമാകുന്നു. ■

وَاتْلُ عَلَيْهِمْ نَبَأَ إِبْرَاهِيمَ ﴿٦٩﴾

69. ഈ ജനതയെ ഇബ്റാഹീമിന്റെ കഥ കേൾപ്പിക്കുക.

إِذْ قَالَ لِأَبِيهِ وَقَوْمِهِ مَا تَعْبُدُونَ ﴿٧٠﴾

70. അദ്ദേഹം പിതാവിനോടും സ്വജനത്തോടും നിങ്ങളീ ആരാധിച്ചുകൊണ്ടിരിക്കുന്നതെന്തിനെയാണ് എന്നു ചോദിച്ചപ്പോൾ;

قَالُوا نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَاكِفِينَ ﴿٧١﴾

71. അവർ പറഞ്ഞു: ഞങ്ങൾ ആരാധിക്കുന്നത് വിഗ്രഹങ്ങളെയാകുന്നു. ഞങ്ങൾ അവയെത്തന്നെ സേവിച്ചുകൊണ്ടിരിക്കും.

**69–71**

وَاتْلُ عَلَيْهِمْ= നീ അവരെ ഓതിക്കേൾപ്പിക്കുക نَبَأَ إِبْرَاهِيمَ= ഇബ്റാഹീമിന്റെ വർത്തമാനം (കഥ)
إِذْ قَالَ= അദ്ദേഹം പറഞ്ഞ(ചോദിച്ച)പ്പോൾ لِأَبِيهِ وَقَوْمِهِ= തന്റെ പിതാവിനോടും ജനത്തോടും
مَا تَعْبُدُونَ= നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്തിനെയാണ് (എന്ന്) قَالُوا= അവർ പറഞ്ഞു
نَعْبُدُ أَصْنَامًا= ഞങ്ങൾ ആരാധിക്കുന്നത് വിഗ്രഹങ്ങളെയാകുന്നു
فَنَظَلُّ لَهَا عَاكِفِينَ= ഞങ്ങൾ അവയെ(തന്നെ) ധ്യാനിച്ചു(സേവിച്ചു)കൊണ്ടിരിക്കും

ഇവിടെ മുതൽ 104-ാം സൂക്തം വരെ ഇബ്റാഹീം നബിയുടെ പ്രബോധനവും അദ്ദേഹത്തിന്റെ ജനതയുടെ പ്രതികരണവുമാണ് പറയുന്നത്. ഒടുവിൽ മൂസാ നബിയുടെ കഥ അവസാനിപ്പിച്ച അതേ വാക്കുകളിൽ- إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ -ഈ കഥയും ഉപസംഹരിക്കുന്നു. മൂസാ(അ)യുടെ കഥയിലുള്ള പാഠങ്ങൾ തന്നെയാണ് ഇബ്റാഹീമീ ചരിത്രവും നൽകുന്നതെന്നാണിതിന്റെ താൽപര്യം. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. കഴിഞ്ഞ സൂറയിൽ മൂസാ നബിയുടെ കഥക്കു ശേഷം പറഞ്ഞത് ഇബ്റാഹീം നബിക്കും മുമ്പ് ആഗതനായ നൂഹ് നബി(അ)യുടെ കഥയാണ്. ഇടക്ക് മറ്റാരെയും പരാമർശിക്കുകയുണ്ടായില്ല. മൂസാ നബിക്കും നൂഹ് നബിക്കും ഇടക്കു വന്ന പ്രമുഖ പ്രവാചകനായ ഇബ്റാഹീമിനെ (അ) പരാമർശിച്ചുകൊണ്ട് ഈ സൂറ ആ വിടവ് നികത്തിയിരിക്കുന്നു. അതിനു ശേഷമാണ് നൂഹ് നബി(അ)യെ അനുസ്മരിക്കുന്നത്. ഏതാണ്ട് നാലു സഹസ്രാബ്ദങ്ങൾക്കു മുമ്പാണ് ഇബ്റാഹീം (അ) ജീവിച്ചത്. അദ്ദേഹം ബി.സി 2160-ൽ ബാബിലോണിയയിൽ ജനിച്ചുവെന്നാണ് ആധികാരിക ചരിത്ര ഗവേഷകന്മാരുടെ നിഗമനം. ബാബിലോണിയയിലെ ഊർ പട്ടണത്തിൽ ജനിച്ചുവെന്ന് ബൈബിളിലും പറയുന്നു. ഇബ്റാഹീമിന്റെ പിതാവിനെ ഖുർആൻ പരാമർശിക്കുന്നത് ആസർ (آزر) എന്നാണ് (6:74). ബൈബിൾ 'തേരഹ്' എന്നാണ് വിളിക്കുന്നത്. ഒന്നുകിൽ അദ്ദേഹത്തിന് ആസർ എന്നും തേരഹ് എന്നും പേരുണ്ടായിരിക്കാം. അല്ലെങ്കിൽ ഒരാൾ പിതാമഹനോ പിതൃസഹോദരനോ ആയിരിക്കാം. പിതൃസഹോദരനെയും പിതാമഹനെയും അറബികൾ പിതാവ് എന്നു വിളിക്കാറുണ്ട്. മറ്റൊരഭിപ്രായം ഇതാണ്: ആസർ ഒരു വിഗ്രഹമായിരുന്നു. അതിന്റെ ഭക്തനും പൂജാരിയുമായിരുന്ന തേരഹ് കാലക്രമത്തിൽ ആ വിഗ്രഹത്തിന്റെ പേരിൽ അറിയപ്പെടുകയായിരുന്നു. ഇബ്റാഹീമിന്റെ (അ) ജനം എന്നു പറയുന്നത് ബാബിലോണിയയിൽ അന്ന് അധിവസിച്ചിരുന്നവരാണ്. നംറൂദ് എന്ന രാജാവ് ബാബിലോണിയ ഭരിച്ച കാലത്താണ് ഇബ്റാഹീം (അ) ആഗതനായത്. മൂസാ നബിയെപ്പോലെ ഇബ്റാഹീം (അ) രാജാവിനെ പ്രബോധനം ചെയ്തതായി ഖുർആൻ 2:258 വ്യക്തമാക്കുന്നുണ്ട്. മുഹമ്മദ് (സ) നേരിട്ടതിനേക്കാൾ കടുത്ത എതിർപ്പും ദ്രോഹവുമായിരുന്നു ഇബ്റാഹീം (അ) അദ്ദേഹത്തിന്റെ ജനതയിൽനിന്നും നേരിട്ടത്.

തന്റെ ജനത ആരാധിക്കുന്നത് വിഗ്രഹങ്ങളെയാണെന്നും അവയുടെ പേരുകളെന്താണെന്നും അവയെക്കുറിച്ച് അവരുടെ വിശ്വാസം എന്തൊക്കെയാണെന്നും ഇബ്റാഹീം നബിക്ക് നന്നായി അറിയാമായിരുന്നു. എന്നിട്ടും നിങ്ങളീ ആരാധിക്കുന്നതെന്തിനെയാണെന്ന് ചോദിക്കുന്നത് അവയെ ഇകഴ്ത്തിക്കൊണ്ടും അവക്ക് യാതൊരു യാഥാർഥ്യവുമില്ല എന്നു സൂചിപ്പിച്ചുകൊണ്ടുമാണ്. *അൽ അമ്പിയാഅ്* 52-ാം സൂക്തത്തിൽ ഇബ്റാഹീമി(അ)ന്റെ ചോദ്യം ഉദ്ധരിക്കുന്നത് مَا هَٰذِهِ التَّمَاثِيلُ الَّتِي أَنتُمْ لَهَا عَاكِفُونَ (നിങ്ങൾ പൂജിക്കുന്ന ഈ വിഗ്രഹങ്ങൾ എന്ത്) എന്നാകുന്നു. തങ്ങളുടെ പാരമ്പര്യ വിശ്വാസാചാര-ദേശീയ പൈതൃകങ്ങളിലുള്ള അന്ധമായ അഭിമാനാവേശത്തോടെയായിരുന്നു ജനത്തിന്റെ മറുപടി. ഞങ്ങൾ ഈ ദേവപ്രതിഷ്ഠകളെ ആരാധിക്കുന്നു. നീ എത്ര നിഷേധിച്ചാലും ഞങ്ങളിവയെ ആരാധിച്ചുകൊണ്ടേയിരിക്കും. ഇത് ദേശീയതയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ താൽപര്യമാണ്. ദേശാഭിമാനികളായ ഞങ്ങൾക്ക് അവയെ ആരാധിക്കാതിരിക്കാനാവില്ല. ഇതാണ് فَنَظَلُّ لَهَا عَاكِفِينَ എന്ന വാക്യത്തിന്റെ താൽപര്യം. عاكف-ന്റെ ബഹുവചനമാണ് عاكفون . ഇതിന്റെ അർഥം *ഖുർആൻ ബോധനം* 22:25-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ■